LIBRARY ARCHIVES Kerala Legislative Assembly

മണ്ണ് അയൽ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നത് തടയാൻ നടപടി

*10 [477] ശ്രീ. സി. മമ്മൂട്ടി :
,, കളത്തിൽ അബ്ദുള്ള :
,, പി. കെ. അബ്ദുറബ്ബ് :
,, ചെർക്കളം അബ്ദുള്ള :
,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ നിന്നും വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടി മണ്ണ് അയൽ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) മണ്ണ് ഒരു മൈനർ മിനറലായി പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

പെട്രോൾ പമ്പുകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി

*11 [478] ശ്രീ. കെ. കെ. ഷാജു :
,, എ. എൻ. രാജൻ ബാബു :
,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് എന്നത്തേക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഉണ്ട്.

(ബി) പെട്രോൾ പമ്പുകൾ, 1960-ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിന്റെ പരിധിയിൽ വരുന്നതായതിനാൽ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലുമുള്ള തൊഴിലാളികൾക്ക് വേണ്ടിയുള്ള സർക്കാരിന്റെ സജീവ പരിഗണനയിലുള്ള ക്ഷേമനിധി ബിൽ നിയമമാകുമ്പോൾ ഇവർക്കും അതിൽ അംഗമാകാവുന്നതാണ്.

ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനം

*12 [479] ശ്രീ. വി. ചെന്താമരാക്ഷൻ :
,, മത്തായി ചാക്കോ :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനം പുനഃക്രമീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ബിസിനസ് പ്രൊമോഷൻ സെല്ലുകൾ രൂപീകരിക്കുകയുണ്ടായോ;

(സി) ബിസിനസ് പ്രൊമോഷൻ സെല്ലുകളുടെ പ്രവർത്തനംകൊണ്ട് സർക്കാർ ലക്ഷ്യമാക്കുന്ന നേട്ടം വിശദമാക്കാമോ;

(ഡി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്വകാര്യ നിക്ഷേപം കുറയുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതിനകം ജില്ലാ വ്യവസായ വികസന കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളിൽ എത്ര യെണ്ണം പ്രാവർത്തികമാവുകയുണ്ടായി?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) രൂപീകരിക്കുകയുണ്ടായി.

(സി) ബിസിനസ് പ്രൊമോഷൻ സെല്ലുകൾ പ്രൊഫിഷ്യൻസി ഇന്റർഫേസ് സെല്ലുകൾ എന്ന പേരിലാണ് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ചെറുകിട വ്യവസായ വികസനം ലക്ഷ്യമിട്ടുകൊണ്ട് വ്യവസായ സംരംഭകർ, വ്യവസായികൾ, നിക്ഷേപകർ എന്നിവർക്ക് സാങ്കേതിക വിദ്യ, വിപണി, മാനേജ്മെന്റ് തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly